# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **2660** — 18.08.2017-ൽ മറുപടിക്ക്

## <u>കല്ല്യാശ്ശേരി മണ്ഡലത്തിലെ പാലങ്ങൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീ. ജി.സുധാകരൻ (ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പിലാത്തറ-പാപ്പിനിശ്ശേരി റോഡിലെ പഴക്കംചെന്നതും പ്രധാനപ്പെട്ടതുമായ പഴയങ്ങാടിപ്പാലം അറ്റകുറ്റപ്പണി ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പിലാത്തറ-പാപ്പിനിശ്ശേരി റോഡിലെ പഴക്കം ചെന്ന പഴയങ്ങാടിപ്പാലം rehabitation work ചെയ്ത് ബലപ്പെടുത്തുന്നതിന് മുന്നോടിയായി നടത്തേണ്ടുന്ന ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള പരിശോധന ഘട്ടത്തിലാണ്. പ്രസ്തുത ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചാൽ മാത്രമേ പാലം നിർമ്മാണത്തിന് വേണ്ട ഘടകങ്ങൾ ഉൾപ്പെടുത്തി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) കല്ല്യാശ്ശേരി മണ്ഡലത്തിലെ കാവിൻമുനമ്പ് പാലം കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉൾക്കൊള്ളിച്ച കാവിൻമുനമ്പ് പാലത്തിന്റെ ഡിസൈൻ തയ്യാറാക്കുന്നതിന് മുന്നോടിയായുള്ള സൈറ്റ് സർവ്വേ നേരത്തെ പൂർത്തീകരിക്കുകയും അലൈൻമെന്റ് പ്ലാനിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സോയിൽ ഇൻവെസ്റ്റിഗേഷന് വേണ്ടിയുള്ള എസ്റ്റിമേറ്റിന് അംഗീകാരം നൽകുകയും ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി ആരംഭഘട്ടത്തിലുമാണ്. സോയിൽ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ലഭിക്കുന്ന വിശദാംശം ഡിസൈൻ തയ്യാറാക്കുന്നതിന് നൽകുന്നതും, ഡിസൈൻ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാനും കഴിയുകയുള്ളൂ. |

S. Bindu

സെക്ഷൻ ഓഫീസർ